# നിങ്ങളുടെ നാവാണ് നിങ്ങളുടെ ആത്മീയതയുടെ ഉരകല്ല്

സാക് പുന്നൻ

WFTW 30 ഏപ്രിൽ 2017

വേദപുസ്തകത്തിൽ നാവിൻറെ ഉപയോഗത്തെപ്പറ്റി പറയുന്ന ഒരു വലിയ അദ്ധ്യായമാണ് യാക്കോബ് മൂന്നാം അദ്ധ്യായം. സദൃശ വാക്യങ്ങളുടെ പുസ്തകവും നമ്മുടെ സംസാരത്തിൽ വിവേകമുള്ളവരായിരിക്കുന്നതിനെപ്പറ്റി ധാരാളം പറയുന്നുണ്ട്.

പൊന്തക്കൊസ്തു നാളിൽ മനുഷ്യരുടെ മേൽ വന്നത് ഒരു അഗ്നിനാവായിരുന്നു. നിർഭാഗ്യവശാൻ നമ്മുടെ സംസാരത്തിൽ ഉണ്ടായിരിക്കേണ്ട ശ്രദ്ധയ്ക്ക് ക്രൈസ്തവ ഗോളത്തിൽ മതിയായ ഊന്നൽ നൽകുന്നില്ല. നിങ്ങൾ ദൈവത്തെ സേവിക്കുന്ന കാര്യത്തിൽ ഗൗരവമുള്ളവനാണെങ്കിൽ, നിങ്ങളുടെ നാവിനെ നിയന്ത്രിക്കുന്ന കാര്യവും ഗൗരവമായിട്ട് എടുക്കണം. മിക്ക പ്രാസംഗികരും സംസാരിക്കുമ്പോൾ അവർക്കു ദൈവവചനം ഇല്ലാതെ പോകുന്നതിൻറെ പ്രധാന കാരണങ്ങളിൽ ഒന്ന് ഈ മേഖലയിലുള്ള പരാജയമാണ്. നിങ്ങൾക്ക് ദൈവത്തിൻറെ ഒരു വക്താവാകണമെങ്കിൽ ഒന്നാമതായി നിങ്ങളുടെ സാധാരണ ദൈനംദിന ജീവിത സംഭാഷണത്തിൽ ' ഉൽകൃഷ്ടമായതിൽ നിന്ന് അധമമായത് തള്ളിക്കളയേണ്ടതുണ്ട്. (യിരെമ്യാവ് 15:19)' നിങ്ങളുടെ സാധാരണ സംഭാഷണങ്ങളിൽ, നിങ്ങൾ വ്യർത്ഥവാക്കുകൾ സംസാരിക്കുകയാണെങ്കിൽ, നിങ്ങൾ പ്രസംഗപീഠത്തിൽ നിൽക്കുമ്പോൾ ദൈവം നിങ്ങളിലൂടെ സംസാരിക്കുമെന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാൻ കഴിയുകയില്ല. പണത്തോടുള്ള നിങ്ങളുടെ അവിശ്വസ്തതയാണ് രണ്ടാമത്തെ ഒരു കാരണം. പണത്തോട് അവിശ്വസ്തനായ ഒരു പ്രാസംഗികന് ദൈവം തൻറെ യഥാർത്ഥ സമ്പത്ത് നൽകുകയില്ല. (ലൂക്കോ 16:11);

കുതിരയെ നിയന്ത്രിച്ച് ഏതു ദിശയിലേക്കും തിരിക്കുവാൻ അതിൻറെ വായിൽ ഇടുന്ന കടിഞ്ഞാൺ പോലെയാണ് നാവ് ( യാക്കോബ് 3:3). വായിൽ കടിഞ്ഞാൻ ഇല്ലാത്ത കുതിരകൾ ഉന്മത്തരായി ഓടും. അത്തരം കുതിരകൾ ഒരു കാര്യവും പൂർത്തീകരിക്കുന്നുമില്ല. അവയുടെ വായിൽ ഉള്ള കടിഞ്ഞാണിനാൽ നിയന്ത്രിക്കപ്പെടുവാൻ തങ്ങളെ തന്നെ അനുവദിക്കുന്ന കുതിരകളാണ് പന്തയത്തിൽ സമ്മാനങ്ങൾ നേടുന്നവ. ദൈവത്തിനു വേണ്ടി എന്തെങ്കിലും നിർവഹിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ വായിൽ കടിഞ്ഞാണും മുഖപ്പട്ടയും ഇടുവാൻ അവിടുത്തെ അനുവദിക്കുക. നിങ്ങളുടെ സംസാരം പൂർണ്ണമായി അവിടുന്നു തന്നെ നിയന്ത്രിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു എന്ന് കർത്താവിനോടു പറയുക. നാവിനെ ഒരു കപ്പലിൻറെ ചുക്കാനോടും ഉപമിച്ചിരിക്കുന്നു. ( യാക്കോബ് 3:4). ഓരോ ബോട്ടിൻറെയും കപ്പലിൻറെയും പിന്നറ്റത്തുള്ള ഒരു ചെറിയ ഇരുമ്പ് തകിടാണ് ചുക്കാൻ. നിങ്ങൾ ഒരു ദിശയിൽ ചുക്കാൻ തിരിക്കുമ്പോൾ കപ്പൽ ആ ദിശയിൽ തിരിയുന്നു. ഒരു വലിയ കപ്പൽ അതു പോകേണ്ട ദിശയിൽ അതിനെ തിരിക്കുന്നതിനുവേണ്ടി കപ്പലിൻറെ പിൻഭാഗത്തുള്ള ഒരു ചെറിയ ഭാഗമാണത്. നിങ്ങളുടെ ആത്മീയതുടെ ഉരകല്ല് നിങ്ങളുടെ നാവാണ് നിങ്ങളുടെ പ്രവർത്തങ്ങളോ, വേദപുസ്തക പരിജ്ഞാനമോ അല്ല. നിങ്ങൾ നിങ്ങളുടെ നാവ് ഉപയോഗിക്കുന്നവിധം എനിക്കു കാണിച്ചു തന്നാൻ നിങ്ങൾ ആത്മീയനാണോ അല്ലയോ എന്ന് ഞാൻനിങ്ങളോട് പറയാം. നാവിൻറെ പ്രാധാന്യം നമ്മെ കാണിക്കേണ്ടതിനായി യാക്കോബ് ഈ ഉദാഹരണങ്ങളെല്ലാം ഉപയോഗിക്കുന്നു. അത് ശരീരത്തിലെ ഒരു ചെറിയ അവയവം മാത്രമാണ്, എങ്കിലും അതിന് എത്ര വലിയ തീ കൊളുത്തുവാൻ കഴിയുന്നു (3:5)! മിക്ക വിശ്വാസികളും നരകാഗ്നികൊണ്ട് തങ്ങളുടെ നാവിനെ തീ പിടിപ്പിച്ചിരിക്കുന്നു.. (3:6).

' നാവിനെ മെരുക്കാൻ ആർക്കും സാധ്യമല്ല' (3:7,8). സർക്കസ്സിൽ സംഹങ്ങളും കടുവകളും പോലും മെരുങ്ങുന്നു ചില മനുഷ്യർ സിംഹത്തിൻറെ വായ്ക്കകത്തു പോലും തങ്ങളുടെ തലയിടാറുണ്ട്. എങ്കിലും സിംഹം അവരെ കടിച്ചു കീറികളയുന്നില്ല. എന്നാൽ നാവിനെ

മെരുക്കാൻ ആർക്കുംകഴിഞ്ഞിട്ടില്ല . ഈ പ്രശ്നത്തിനുള്ള പരിഹാരം എന്താണ്? നമ്മിൽ അതിനെ മെരുക്കുവാൻ പരിശദ്ധാത്മാവിനോട് നാം ആവശ്യപ്പെടണം. അതു കൊണ്ടാണ് പെന്തക്കോസ്തുനാളിൽ ആളുകളുടെ മേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ ഒരു അഗ്നിനാവ് അവരുടെ തലമേൽ ആവസിച്ചത്. അതിലൂടെ പരിശുദ്ധാത്മാവ് ഇപ്രകാരം പറയുകയായിരുന്നു, ‘ ഇപ്പോൾ മുതൽ ദൈവത്തിൻറെ അഗ്നിയാൽ ഞാൻ നിങ്ങളുടെ നാവിനെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നു‘. അനേകം ക്രിസ്ത്യാനികളും ഇത് മനസ്സിലാക്കിയിട്ടില്ല.

പരിശുദ്ധാത്മാഭിഷേകത്തെപ്പറ്റി പ്രസംഗിക്കുന്ന അനേകരും ഇന്ന് എല്ലാസമയവും തങ്ങളുടെ മാതൃഭാഷയിൽ കൃപയോടുകൂടി സംസാരിക്കുന്നതിലേക്ക് ആളുകളെ നയിക്കുന്നതിനെക്കാൾ കൂടുതൽ അവരെ അന്യഭാഷയിൽ സംസാരിപ്പിക്കുവാൻ ആകാംക്ഷയുള്ളവരാണ് എന്നത് വലിയ ദുഃഖകരമായ ഒരു കാര്യമാണ്. ഇതിൻറെ ഫലമായിട്ടാണ് ‘ അന്യഭാഷ സംസാരിക്കുന്നവരുടെ‘ ഇടയിൽ ധാരാളം വ്യാജഭാഷകൾ ഉണ്ടായിട്ടുള്ളത്.

എൻറെ സ്വർഗ്ഗീയ പിതാവിനോട്, അറിയപ്പെടാത്ത ഭാഷയിൽ സംസാരിക്കുവാനുള്ള വരം പരിശുദ്ധാത്മാവ് എനിക്കു തന്നിട്ടുണ്ട്, ഞാൻ അതിനായി ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ എല്ലാത്തിലും ഉപരിയായി, എൻറെ മാതൃഭാഷ നിയന്ത്രിക്കുവാൻ അവിടുന്ന് എന്നെ പ്രാപ്തനാക്കി ഇതിനു വേണ്ടി ഞാൻ അവിടുത്തെ അതിലധികമായി സ്തുതിക്കുന്നു. നാം പ്രാപിച്ചത് പരിശുദ്ധാത്മാവിനെയാണോ അതോ മറ്റേതെങ്കിലും വ്യാജ ആത്മാവിനെയാണോ എന്ന് തിരിച്ചറിയാൻ കഴിയുന്നത് ഇങ്ങനെയാണ്. ഈ പരിശോധന നിങ്ങളോടു തന്നെ പ്രയോഗിക്കുക. ‘ നിങ്ങൾക്ക് നിങ്ങളുടെ മാതൃഭാഷ നിയന്ത്രിക്കുവാൻ കഴിയുന്നുണ്ടോ? ‘ ഇല്ലെങ്കിൽ, നിങ്ങൾ പ്രാപിച്ചിരിക്കുന്ന മറ്റെല്ലാ ആത്മാക്കളെയും തള്ളിക്കളഞ്ഞിട്ട് പരിശുദ്ധാത്മാവിനാൽ വീണ്ടും നിറയപ്പെടേണ്ടതിന് ദൈവത്തെ അന്വേഷിക്കുക. എല്ലാ സമയവും കൃപയോടു കൂടി സംസാരിക്കുവാനുള്ള ശക്തി നിങ്ങൾക്കാവശ്യമുണ്ട് എന്ന് ദൈവത്തോട് പറയുക. പരിശുദ്ധാത്മാവിനു മാത്രമെ നാവിനെ മെരുക്കാൻ കഴിയൂ. സഭായോഗത്തിൽ ദൈവത്തെ വാഴ്ത്തുകയും അതിനുശേഷം പിന്നീട് മനുഷ്യരെ ശപിക്കുകയും ചെയ്യുവാൻ നിങ്ങൾക്കെങ്ങനെ കഴിയും? (യാക്കോബ് 3:9)